കേരളാതിർത്തിയ്ക്കടുത്ത്, തമിഴ്നാട്ടിൽ സ്ഥിതിചെയ്യുന്ന മണക്കടവ് വിയറിൽ ലഭ്യമാക്കേണ്ടതാണ്.

3. പറമ്പിക്കുളം തുണക്കടവ്, പെരുവാരിപ്പള്ളം എന്നീ ജലസംഭരണികളിലും ലോവർ നിരാർ ഡാമിന്റെ വൃഷ്ടി പ്രദേശത്തും ലഭിക്കുന്ന ജലത്തിൽ തമിഴ്നാടിന് അവകാശപ്പെട്ട 16.5 ടി. എം. സി. യ്ക്ക് മുകളിൽ വരുന്ന ജലത്തിൽ നിന്ന് 2.5 ടി. എം. സി. ജലം കേരളത്തിലെ ചിറ്റൂർ പ്രദേശത്തെ ജലസേചനത്തിന് വേണ്ടി ലഭ്യമാക്കേണ്ടതും 19 ടി. എം. സി. യ്ക്ക് മുകളിലുള്ള അധികജലം ചാലക്കുടി നദീതടത്തിൽ തുറന്നുവിടാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

4. പെരിയാർ തടത്തിലെ നിരാർ വിയറിൽ നിന്നുള്ള ജലം ഒക്ടോബർ ഒന്നുമുതൽ ജനുവരി 31 വരെ കേരളത്തിലേയ്ക്ക് തുറന്നുവിടാനും വ്യവസ്ഥയുണ്ട്. കേരള ഗവൺമെന്റിന്റെ പര്യാലോചനയിലിരിക്കുന്ന പെരിയാർ തടത്തിലെ ജലസംഭരണികൾ പ്രവർത്തിച്ചു തുടങ്ങുന്നതുവരെ മാത്രമാണ് ഈ വ്യവസ്ഥ. ഇതു ഏകദേശം 1.4 ടി. എം. സി. യോളം ആണെന്ന് വിലയിരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത കരാർ അനുസരിച്ച് മേയ് രണ്ടാം ദൈവാരംവരെ ഈ വർഷം (20-2-2003) വരെ മണക്കടവ് വിയറിൽ 6.254 ടി. എം. സി. ജലവും കേരളാ ഷോളയാർ ജലസംഭരണിയിൽ 8.963 ടി. എം. സി. ജലവും ലഭിച്ചിട്ടുണ്ട്.

(സി) കേരളത്തിന് ജലം ലഭ്യമാക്കേണ്ട സ്ഥലങ്ങളിലെല്ലാം ഗേജിംഗ് സ്റ്റേഷനുകൾ ഉണ്ട്. ഗേജിംഗ് സ്റ്റേഷനുകളിൽ ഇരു സംസ്ഥാനങ്ങളിലേയ്ക്കും പ്രസ്തുത ഉദ്യോഗസ്ഥർ ജോയിന്റ് ഗേജിംഗ് നടത്തി കേരളത്തിന് ലഭ്യമാക്കേണ്ട ജലത്തിന്റെ കണക്ക് തിട്ടപ്പെടുത്തുന്നുണ്ട്. ഈ കണക്കുകൾ കേരളത്തിന്റെയും തമിഴ്നാടിന്റെയും ലെയിസൺ ഉദ്യോഗസ്ഥന്മാർ പരിശോധിച്ച റിപ്പോർട്ടുകൾ ജോയിന്റ് വാട്ടർ റഗുലേഷൻ ബോർഡിൽ അവതരിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഓരോ വർഷവും ലഭിക്കുന്ന ജലത്തിന്റെ കണക്കുകൾ ബോർഡ് മീറ്റിംഗിൽ ഇരു സംസ്ഥാനങ്ങളും ചർച്ചചെയ്തു അംഗീകരിക്കാറുണ്ട്. പറമ്പിക്കുളം ആളിയാർ കരാർ പുനരവലോകനം ചെയ്യുമ്പോൾ ജല ലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള കൂടുതൽ നടപടികൾ എടുക്കുന്നതാണ്.

പാലക്കാട് ജില്ലയെ ആർ. എസ്. വി. വൈ. പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി

61 (953) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന രാഷ്ട്രീയ സാം വികാസ് യോജന പദ്ധതിയിൽ പാലക്കാട് ജില്ലയെ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിപ്രകാരം ചിറ്റൂർ നിയോജകമണ്ഡലത്തിലെ മൂലത്തറ വലതുകര കനാലിന്റെ നിർമ്മാണം ഉൾപ്പെടുത്താൻ ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ പാലക്കാട് ജില്ലാ കളക്ടർ ശിരുവാണി പ്രോജക്ട് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ;

(ഡി) മൂലത്തറ വലതുകര കനാലിന്റെ നിർമ്മാണത്തിന് ഈ പദ്ധതിപ്രകാരം എത്ര രൂപയുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കിയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) മൂലത്തറ വലതുകനാലിന്റെ നിർമ്മാണം ഉൾപ്പെട്ടിട്ടുള്ള പ്രോജക്ട് റിപ്പോർട്ട് 20-12-2002-ൽ പാലക്കാട് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഡി) മൂലത്തറ വലതുകര കനാലിന്റെ നിർമ്മാണത്തിന് ഏകദേശം 12 കോടി രൂപയ്ക്കുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കിവരുന്നു.

കുടിവെള്ള ക്ഷാമം

62 (954) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം നേരിടുന്ന അതിരൂക്ഷമായ കുടിവെള്ളക്ഷാമം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു പരിഹരിക്കുന്നതിന് ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഗാർഹിക ആവശ്യങ്ങൾക്കായി കുഴൽകിണർ കുഴിക്കുന്നതിൽ ഇപ്പോൾ എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത നിയന്ത്രണങ്ങളിൽ എന്തെങ്കിലും അയവു വരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനം അഭിമുഖീകരിക്കുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം കണക്കിലെടുത്ത് അടുത്ത അഞ്ചു വർഷത്തേയ്ക്ക് ശുദ്ധജലവിതരണത്തിൽ എന്തെങ്കിലും ക്രിയാത്മക പദ്ധതികൾ നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ, അത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly